**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് – ശമ്പളപരിഷ്കരണം 2019 – ഗാർഡനർ തസ്തിക Annexure XI കോമൺ കാറ്റഗറി തസ്തികകളുടെ ഷെഡ്യൂളിനു കീഴിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**ധനകാര്യ (പേ റിവിഷൻ സെൽ-ബി) വകുപ്പ്**

**സ.ഉ.(കൈ) നം. 41/2025/(80)/ധന തീയതി, തിരുവനന്തപുരം, 02/04/2025**

================================================================

**പരാമർശം:-**1) സ.ഉ.(അച്ചടി) നം. 27/2021/ധന. തീയതി 10.02.2021

2) വനിത ശിശുവികസന വകുപ്പ് ഡയറക്ടറുടെ 30.12.2024 തീയതിയിലെ DWCD/7451/2024-E6 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളവും അലവൻസുകളും 01.07.2019 മുതൽ പരിഷ്കരിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിൽ വനിത ശിശുവികസന വകുപ്പിന്റെ ഷെഡ്യൂളിനു കീഴിലോ കോമൺ കാറ്റഗറിയിലോ ഗാർഡനർ തസ്തിക ഉൾപ്പെടുത്തിയിരുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ വനിത ശിശുവികസന വകുപ്പിലെ ഗാർഡനർ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരനെ സ്പാർക്കിൽ രജിസ്റ്റർ ചെയ്യുന്നതിന് സാധിച്ചിരുന്നില്ല. ആയതിനാൽ ഗാർഡനർ തസ്തിക ശമ്പളപരിഷ്കരണ ഉത്തരവിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് വനിത ശിശുവികസന വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ടി വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ഉത്തരവിലെ Annexure XI – കോമൺ കാറ്റഗറി തസ്തികകളുടെ ഷെഡ്യൂളിനു കീഴിൽ ഗാർഡനർ തസ്തിക 23700-52600 ശമ്പളസ്കെയിലിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) പരാമർശം (1) ഉത്തരവ് ടി ഉത്തരവ് തീയതി മുതൽ മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
**അഹമ്മദ് കബീർ. വൈ**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം
സെക്രട്ടറി, വനിത ശിശുവികസന (എ) വകുപ്പ്
ഡയറക്ടർ, വനിത ശിശുവികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം, പൂജപ്പുര
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ചീഫ് പ്രോജക്റ്റ് മാനേജർ, സ്പാർക്ക് പി.എം.യു
വെബ് & ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (**E-3050072** )

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ